# പള്ളികഥകൾ

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫ്അച്ചനോട് ഫ്രാൻസിസ് പറഞ്ഞ കാര്യങ്ങളാണിത്. ഇത് ശരിയായിട്ടും നടന്ന കാര്യങ്ങളാണ്. കഴിഞ്ഞ ഏകദേശം എട്ട് ഒന്പതു വർഷമായിട്ട് അച്ചന് അവനെ പരിചയമുണ്ട്. ഇപ്പോൾ അവന് ഇരുപത്തിയെട്ട് വയസു പ്രായമുണ്ടെങ്കിലും അന്നവൻ കൊച്ചു പയ്യനായിരുന്നു; എന്നു പറഞ്ഞാൽ മീശ കിളിത്തു വരുന്ന കാലം. സംഭവം നടക്കുന്നത് അമേരിക്കയിലാണ്.

## ഇരുപത്തിരണ്ട്

അവൻ കമ്പ്യൂട്ടർ സോഫ്ടുവയർ ഇഞ്ചിനീയറായ് ജോലി നോക്കികൊണ്ടിരിക്കുന്ന സമയമാണ് ഏകദേശം അഞ്ചു വർഷം മുമ്പു മുതൽ. അവൻ ഒറ്റയ്ക്ക് ജോസഫ് അച്ചൻ താമസിക്കുന്നതിന്റെ വളരെയടുത്തായിരുന്നു താമസിച്ചിരുന്നത്. തന്മൂലം ഉഷ്ണകാലങ്ങളിൽ അവൻ ജോലി കഴിഞ്ഞു വരുമ്പോൾ ജോസഫ് അച്ചനെ കാണുകയും അല്പ സമയം കുശലം പറയുകയും പതിവായിരുന്നു.

അന്നൊരിക്കൽ അവൻ ഒരു വലിയ കടയിൽ തുണി സാധനങ്ങൾ വാങ്ങാൻ പോയപ്പോൾ അവിടെയുള്ള കാഷ്യർ സ്ഥാനത്ത് നല്ലസുന്ദരിയായ ഒരു പെണ്ണിനെ കണ്ടു. അവളെ കണ്ടാൽ മലയാളിയാണെന്ന് ആരും പറയത്തില്ല. വല്ല നേപ്പാളിപെണ്ണാണെന്ന് പറയും. മലയാളി പെണ്ണല്ല എന്ന ധാരണയിൽ തന്നെ അവൻ തമാശയ്ക്കു പാടി "ചക്കരേ നീയെന്റെ കൂടെ പോരുമോ" അന്നവന് ഏകദേശം ഇരുപത്തിമൂന്ന് വയസു പ്രായം. അവൻ പാടി കഴിഞ്ഞപ്പോൾ അവൾ മറുപടിയായി പാടി "നിന്റെകൂടെ പോന്നാൽ എന്തെല്ലാം തരുമെനിക്ക്" അവന് അത്ഭുതവും അതിലേറെ സന്തോഷവും തോന്നി; അവളൊരു മലയാളി പെണ്ണാണെന്ന കാര്യത്തിൽ. "എന്റെ കൂടെ പോന്നാൽ എന്തെല്ലാം വേണം നിനക്ക്?" അതൊരു തുടക്കമായി. പിന്നീട് പലപ്പോഴും അവൻ ജോലി കഴിഞ്ഞ് മടങ്ങുമ്പോൾ അവളെ വഴിയരുകിൽ കാണാൻ തുടങ്ങി. അങ്ങിനെയാണ് അവളുടെ പേർ ജാസ്മിൻ എന്നവൻ മനസ്സിലാക്കിയത്. അവനേക്കാൾ ഒരു വയസു പ്രായം കുറവാണവൾക്ക്. അവൾ പലപ്പോഴായി അവനോടു ആവർത്തിച്ചു പറഞ്ഞു: ഒരു ദിവസം ഞാൻ നിന്റെ വീട്ടിൽ കേറി വരും പിന്ന് അയ്യോ പൊത്തോയെന്നൊന്നും പറഞ്ഞ് ഒഴിഞ്ഞു മാറാൻ പറ്റത്തില്ലേ. അങ്ങിനെ പേടിച്ചു തൂറിയൊന്നുമല്ല ഞാൻ. അവൻ അപ്പോഴെല്ലാം അതിന് പ്രതികരിച്ചിരുന്നു.

അങ്ങിനെ ഒരു ദിവസം അവൻ ജോലികഴിഞ്ഞ് വീട്ടിൽ വന്ന് ഏതാനം സമയം കഴിഞ്ഞപ്പോൾ ഒരു പെട്ടിയും തൂക്കിപിടിച്ച് അവളിതാ അവന്റെ എപ്പാട്ടുമെന്റിന്റെ മുമ്പിൽ സത്യത്തിൽ അവൻ പേടിച്ചണ്ഡാളിച്ചു പോയ്.

അവൻ താമസിക്കുന്നത് ഒരു സ്റ്റുഡിയോ എപ്പാട്ടുമെന്റിലായിരുന്നു. ഒരൊറ്റ വലിയ മുറി. അതിലെ അലമാര തുറന്നശേഷം നിവർത്തിട്ടാൽ കട്ടിൽ വെളിയിൽ വരും. അതുപോലെ അലമാരയുടെ കതക് അടച്ചു കഴിയുമ്പോൾ കട്ടിൽ മടങ്ങി അകത്തു പോകും. ആ വലിയ മുറിയിൽ സോഫായും കസേരകളും ടീപ്പോയിയും എല്ലാമുണ്ട്. കൂടാതെ അതിനകത്തു തന്നെ നല്ല ഒരുകുളിമുറിയും കക്കൂസും കൂടാതെ ഒരു വശത്തായി അടുപ്പും ഫ്രിഡ്ജും, അങ്ങിനെ എല്ലാ സൗകര്യങ്ങളുമുള്ള ഒരു എപ്പാട്ടുമെന്റായിരുന്നു അത്. ഒരാൾക്ക് താമസിക്കാൻ അത്രയും സൗകര്യങ്ങൾ ധാരളമായിരുന്നു. താമസസ്ഥലത്തു നിന്നും ഏകദേശം ഇരുപത്തി രണ്ടു മിനിട്ട് കാറോടിച്ചാൽ അവന്റെ ജോലിസ്ഥലത്ത് ചെന്നെത്താം. അതുപോലെ കാറോടിച്ചാൽ ഇരുപത്തി രണ്ടു മിനിട്ട് കൊണ്ട് അവൾ

## ഇരുപത്തിരണ്ട്

ജോലി ചെയ്തിരുന്നിടത്തും എത്താം. കൂടാതെ ഇരുപത്തി രണ്ടു മിനിട്ട് കാറോടിച്ചാൽ കടകളിലും ബാങ്കിലും എന്നു വേണ്ട മിക്കവാറും എല്ലാ സ്ഥലങ്ങളിലും ചെന്നെത്താൻ കഴിയും. അവന്റെ എപ്പാട്ടുമെന്റിൽ ചെല്ലുമ്പോൾ അവൾക്ക് ഇരുപത്തി രണ്ടു വയസു പ്രായം.

അവൾ ജോലി ചെയ്തിരുന്നിടത്തു നിന്നും അവളെ പറഞ്ഞു വിട്ടു; എക്ണോമി തന്നെ കാരണം. പിന്നെ അവൾക്ക് അൺഎപ്ലോയിൻന്റ്മെന്റു കിട്ടും. അതുകൊണ്ട് വാടകയും കൊടുത്ത് അവൾക്ക് ജീവിക്കാൻ പ്രയാസമാണ്. അങ്ങിനെ തമാശയ്ക്കു പറഞ്ഞു പറഞ്ഞ് കാര്യമായ്. അവളുടെ ജോലി പോകുമെന്ന് ഉദ്ദേശിച്ചല്ല അവളും പറഞ്ഞത്.

അവളുടെ അപ്പൻ കോലഞ്ചേരിക്കാരനാണ്. അമ്മ നേപ്പാളി. അമ്മ നേഴ്സാണ്. അവർ രണ്ടു പേരും ഡൽഹിയിലായിരുന്നപ്പോൾ കണ്ടുമുട്ടി പ്രേമിച്ച് വിവാഹിതരായതാണ്. അവളും ഇളയ ഒരു സഹോദരനുമേ മക്കളായ് അവർക്കുള്ളു. ഹൈസ്ക്കൂൾ കഴിഞ്ഞ് അവൾ കോളേജിലും പോയ് ഡിഗ്രിയും എടുത്തു കഴിഞ്ഞപ്പോഴാണ് വീട്ടിൽ പ്രശ്നമുണ്ടായി അവൾ വേറെ താമസിക്കാനും തുണിക്കടയിൽ ജോലി ചെയ്യാനുമിടയായത്. അപ്പോഴേക്കും അവൾക്ക് പതിനെട്ടു വയസു കഴിഞ്ഞിരുന്നു. പതിനെട്ടു വയസു കഴിഞ്ഞാൽ അമേരിക്കയിൽ ആൺ പെൺ ഇനത്തിന് സ്വാതന്ത്ര്യം കിട്ടുമല്ലോ. അങ്ങിനെ അവൾ ഒറ്റയ്ക്കു താമസമായി. അവളുടെ അമ്മ നേഴ്സായതു കൊണ്ട് അവൾക്ക് ആ തരം ജോലി ചെയ്യാനോ അതിന് പഠിക്കാനേ താല്പര്യമില്ലായിരുന്നു.

ഇതെല്ലാം അവൾ കൂടെ താമസിക്കാൻ തുടങ്ങിയ ശേഷം പറഞ്ഞ കാര്യങ്ങളാണ്. അപ്രതീക്ഷിതമായി അവൾ വന്നപ്പോൾ കൂടെ താമസിപ്പിക്കാൻ അവന് തീരെ ഇഷ്ടമില്ലായിരുന്നു. ആരാ എന്തവാ എന്നറിയാതെ ഒരു പെണ്ണിനെ കൂടെ താമസിപ്പിച്ചാൽ ഉണ്ടാകുന്ന ഭവിഷ്യത്തിനെപ്പറ്റി അവന് നല്ല ബോധ്യമുണ്ട്. എന്നാൽ ഇത്രയും സുന്ദരിയായ ഒരു പെണ്ണ് സഹായം ചോദിച്ചപ്പോൾ വേണ്ടായെന്നു പറയാൻ ഒരു മടിയുമുണ്ട്. രണ്ടായാലും വളരെ ചിന്തിച്ചശേഷം അവൻ പല സ്വപ്നങ്ങളും കണ്ട ശേഷം സമ്മതിച്ചു.

രാത്രി കിടക്കാറായപ്പോൾ അവൾ പറഞ്ഞു "തൽക്കാലം ശരീരത്ത് തൊട്ടുള്ള കാര്യങ്ങളൊന്നും വേണ്ട. അതിനുള്ള സമയമായിട്ടില്ല. അവൾ താഴെ ഒരു ഷീറ്റ് കരുതി കൊണ്ടുവന്നത് വിരിച്ച് മറ്റൊന്നു കൊണ്ട് പുതച്ച് തലയിണ പോലുമില്ലാതെ ഉറങ്ങാൻ തുടങ്ങി. അവന്റെ കയ്യിലുണ്ടായിരുന്ന മറ്റൊരു തലയിണ അവൾക്ക് കൊടുത്തു. അവൾ ആ രാത്രി സുഖമായി കിടന്നുറങ്ങി. ആ രാത്രി മുഴുവനും പലവിധ ചിന്തകളുമായി അവൻ തീരെ ഉറങ്ങിയിരുന്നില്ല. വെളുപ്പാൻ കാലത്ത് അഞ്ചു മണിയായപ്പോൾ അവൾ നല്ല ചായയുണ്ടാക്കി അവനു കൊടുത്തു. പ്രഭാതകൃത്യങ്ങൾ കഴിഞ്ഞ് മടങ്ങി വന്നപ്പോൾ സാൻവിച്ചും ചായയും അവൾ ഉണ്ടാക്കി കൊടുത്തു. അവന്റെവിലപിടിപ്പുള്ള സാധനങ്ങളെല്ലമെടുത്തു കൊണ്ടായിരുന്നു അന്ന് അവൻ ജോലിക്കു പോയത്. മടങ്ങി വന്നപ്പോഴേക്കും മലയാളികളുടെ ചോറും കറികളുമെല്ലാം അവൾ അവനു വേണ്ടി ഒരുക്കി. അവന് അവളിൽ വിശ്വാസം വർദ്ധിച്ചു. അവൻ പരിശ്രമിച്ചും ഉപദേശിച്ചും അവളെ നേഴ്സിംഗ് പഠിക്കാൻ വിട്ടു. വർഷങ്ങൾ കഴിഞ്ഞപ്പോൾ അവൾ അമേരിക്കയിലെ റജിസ്റ്റേഡ് നേഴ്സായി. കുറച്ചു മാസങ്ങൾ കഴിഞ്ഞ് അവൻ പതിവു പോലെ ജോലി കഴിഞ്ഞു വന്നപ്പോൾ അവളെ കണ്ടില്ല പകരം ഒരെഴുത്തെഴുതി വെച്ചിരുന്നത് കിട്ടി. അവൾ പറന്നു പോയി; അവളുടെ കാമുകന്റടുത്തേക്ക്. അവൾക്ക് കാമുകനുണ്ടെന്നറിഞ്ഞായിരുന്നു അവളുടെ വീട്ടിൽ പ്രശ്നമുണ്ടായതും അവൾ വീടുവിട്ടെറങ്ങിയതും. എന്നാൽ അവളുടെ ജോലി പോയപ്പോൾ അവളെ സംരക്ഷിക്കാൻ പറ്റിയില്ല.